# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2209** **05/05/2017 - ൽ മറുപടിക്ക്**

**ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ അത്യാവശ്യ മരുന്നുകളുടെ ദൗർലഭ്യം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.കെ.സി.മമ്മത്കോയ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ അത്യാവശ്യ മരുന്നുകൾ ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; | (ബി) | ആശുപത്രിയിൽ നിന്നുള്ള ഇൻഡന്റിൻ പ്രകാരം സ്റ്റോറിൽ ലഭിച്ച എല്ലാ മരുന്നുകളും 20.01.2017 ലെയും 11.04.2017 ലെയും ഇഷ്യൂ നോട്ട് പ്രകാരം നൽകിയിട്ടുണ്ട്. |
| (സി) | എല്ലാ വർഷവും ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മരുന്നുകൾക്ക് ദൗർലഭ്യം നേരിടുന്നത് എന്തുകൊണ്ടാണ് എന്ന് പരിശോധിക്കുമോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | എല്ലാ വർഷവും ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മരുന്നുകൾക്ക് ദൗർലഭ്യം ഉണ്ടാകാറില്ല. സ്ഥാപനങ്ങളിൽ നിന്നുള്ള ഇൻഡന്റ് പ്രകാരം സ്റ്റോറിലുള്ള മരുന്നുകൾ ജനുവരി മാസം തന്നെ വിതരണം ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ